## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3623 — 20.06.2019 ൽ മറുപടിക്ക്

## ശരിയായ ആരോഗ്യ ശീലം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാഭ്യാസത്തിലും വ്യക്തിശുചിത്വത്തിലും കേരളീയർ മാതൃകാപരമായ നിലവാരം പുലർത്തുമ്പോഴും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ മോശം നിലവാരമാണ് വച്ചുപുലർത്തുന്നത് എന്ന വസ്തുത ആരോഗ്യ വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | ആരോഗ്യ ജാഗ്രതാ പ്രവർത്തനത്തിലൂടെ വ്യക്തിശുചിത്വം, പരിസരശുചിത്വം, രോഗപ്രതിരോധം എന്നിവയെക്കുറിച്ച് സമൂഹത്തെ ബോധവത്ക്കരിക്കുന്ന "പ്രതിദിനം പ്രതിരോധം" എന്ന ആശയത്തിലൂടെ രോഗം വരുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനോടൊപ്പം യഥാസമയം ചികിത്സ തേടുവാനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ആരോഗ്യ സന്ദേശയാത്ര, പകർച്ചവ്യാധികൾ സംബന്ധിച്ച ദിനാചരണം, വാരാചരണം, മാസാചരണം തുടങ്ങിയവ നടത്തുമ്പോഴും അല്ലാതെയും സെമിനാറുകൾ, ശില്പശാലകൾ, ആരോഗ്യ പത്രം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, മൈക്ക് അനൗൺസ്മെന്റ്, കൈപ്പുസ്തകങ്ങൾ തുടങ്ങിയവയിലെല്ലാം പൊതുജന ബോധവത്ക്കരണത്തിനും ശീലവത്ക്കരണത്തിനും ആവശ്യമായ സന്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകി വരുന്നുണ്ട്. കൂടാതെ ഗൃഹസന്ദർശനം, സ്ഥാപനസന്ദർശനം എന്നിവ നടത്തുന്നു. സ്കൂളുകൾ, അംഗനവാടികൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ തുടങ്ങിയവയിലും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി ജനങ്ങളിൽ ശരിയായ ആരോഗ്യ ശീലങ്ങൾ ഉണ്ടാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച പ്രവണതയിൽ നിന്നും മലയാളിയെ മാറ്റിയെടുക്കുന്നതിന് ആരോഗ്യവകുപ്പ് എന്തെങ്കിലും പ്രത്യേക പ്രചാരണ പരിപാടികളോ മറ്റോ നടപ്പിലാക്കുന്നുണ്ടോ; | | |
| (സി) | ശരിയായ ആരോഗ്യ ശീലം കുട്ടിക്കാലം മുതൽ ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൂടുതൽ സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (സി) | വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിവിധതരം പ്രവർത്തനങ്ങളാണ് കുട്ടികളിൽ ആരോഗ്യശീലം ഉറപ്പാക്കുന്നതിന് നടത്തി വരുന്നത്.<br>പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച പാഠഭാഗങ്ങൾ സ്കൂൾ സിലബസുകളിൽ ഉൾപ്പെടുത്തി വരുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആരോഗ്യ വകുപ്പുദ്യോഗസ്ഥർ ബോധവത്ക്കരണം നടത്തി വരുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, |

| | | | |
|---|---|---|---|
| | | | കുടിവെള്ള ശുചിത്വം, കൊതുകുറവിട നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ഭക്ഷണശുചിത്വം തുടങ്ങിയവ സംബന്ധിച്ച് ആരോഗ്യ ശീലങ്ങൾ രൂപപ്പെടുത്തുന്നതിന് വിവിധ ബോധവത്ക്കരണ ഉപാധികളിലൂടെ ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പ്രവർത്തിച്ചു വരുന്നു.<br><br>സ്കൂളിലെ പി.റ്റി.എ., എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ്., ഹെൽത്ത് ക്ലബ്, നേച്ചർ ക്ലബ്, ഗൈഡ്സ് തുടങ്ങിയവ വഴിയും ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂൾ അസംബ്ലികളിൽ ആരോഗ്യ സന്ദേശങ്ങൾ വായിക്കൽ, പകർച്ചവ്യാധി സംബന്ധിച്ച ദിന/വാര/മാസാചരണം, മത്സരങ്ങൾ തുടങ്ങിയവയും നടത്തി വരുന്നു. പ്രതിവാര ഡ്രൈഡേ ആചരണം, പകർച്ചവ്യാധികൾ സംബന്ധിച്ച അസൈൻമെന്റ്, പ്രോജക്റ്റ് തുടങ്ങിയവയും എടുത്തു പറയാവുന്നതാണ്.<br>ആരോഗ്യ ജാഗ്രതാ ക്യാമ്പയിനുകൾ, ഹരിതകേരള മിഷൻ വഴി നടത്തിയ ജാഗ്രതോത്സവം, പെൻസിൽ പരിപാടികളിലും വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം നൽകി വരുന്നു. വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ ഇത് അവലോകനം ചെയ്യുന്നു. വിവിധ വകുപ്പുകളുടെ ഏകോപനയോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. |
| (ഡി) | പരിസരശുചിത്വം സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | ➢ ആരോഗ്യ ജാഗ്രതാ കർമ്മ പദ്ധതിയിൽ ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, സ്കൂൾ സന്ദർശനം നടത്തുമ്പോഴും ശുചിത്വ മാപ്പിംഗ് നടത്തുമ്പോഴും ജനങ്ങൾക്ക് പരിസര ശുചിത്വം സംബന്ധിച്ചുള്ള ബോധവത്ക്കരണം നൽകുന്നുണ്ട്.<br>➢ ആരോഗ്യ ജാഗ്രത സംബന്ധിച്ച് പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടിയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സഹായത്തോടെ നടത്തുന്നു.<br>➢ വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേനാംഗങ്ങൾ വഴി ബോധവത്ക്കരണം<br>➢ വിവിധ വകുപ്പുകൾ അതാത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർക്ക് നൽകുന്ന ആരോഗ്യ |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണം.<br>➢ വിവിധ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴി നടത്തുന്ന ബോധവത്ക്കരണം (എഫ്.എം.റേഡിയോ ഉൾപ്പടെ)<br>➢ പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികൾക്കും ബന്ധുക്കൾക്കും നൽകുന്ന ബോധവത്ക്കരണം.<br>➢ ആരോഗ്യ സന്ദേശ യാത്ര, പകർച്ചവ്യാധികൾ സംബന്ധിച്ച ദിന/വാര/മാസ ആചരണങ്ങൾ, രോഗപ്രതിരോധത്തിനുള്ള കാമ്പയിനുകൾ തുടങ്ങിയവയോടനുബന്ധിച്ച് നൽകുന്ന ബോധവത്ക്കരണം.<br>➢ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യം ഉണ്ടാകുമ്പോഴും പൊട്ടിപ്പുറപ്പെടുമ്പോഴും ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ<br>➢ ദിശ ടോൾ ഫ്രീ നമ്പറായ 1056-ലൂടെ നൽകി വരുന്ന ആരോഗ്യ സംബന്ധമായ സംശയ ദൂരീകരണം<br>➢ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിലൂടെ നൽകി വരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ<br>➢ പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിലവിലെ പൊതുജനാരോഗ്യ നിയമപ്രകാരം ആവശ്യമായ തിരുത്തൽ/ശിക്ഷണ നടപടി സ്വീകരിക്കൽ. |

സെക്ഷൻ ഓഫീസർ